# വ്യാജ സന്ദേശം നൽകി പോലീസിനെ കബളിപ്പിച്ചിരുന്നയാൾ പിടിയിൽ

പോലീസിന് വ്യാജ സന്ദേശം നൽകി കബളിപ്പിച്ചിരുന്നയാളെ ആലുവ ഈസ്റ്റ് പോലീസ് പിടികൂടി. ആലുവ പോലീസ് കൺട്രോൾ റൂമിലെ എമർജൻസി ഫോൺ നമ്പറിലേക്ക് വിളിച്ചാണ് ഇയാൾ വ്യാജ സന്ദേശം നൽകി പോലീസിനെ വഴി തെറ്റിച്ചിരുന്നത്.

വ്യാജ സന്ദേശം നൽകി കബളിപ്പിച്ചിരുന്ന കാര്യത്തിന് ആലുവ ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ രജിസ്ററർ ചെയ്ത കേസ്സിൽ പെരുമ്പാവൂർ ഐമുറി ഭാഗത്ത് കണിയാടൻ വീട്ടിൽ പൗലോസ് മകൻ ലിജോ പോളിനെ (37) യാണ് പിടികൂടിയത്.

ആലുവ ഡി.വൈ.എസ്.പി  കെ.ബി.പ്രഫുല്ലചന്ദ്രന്റെ നിർദ്ദേശ പ്രകാരം ആലുവ ഈസ്റ്റ് പോലീസ് സ്റ്റേഷൻ സബ്ബ് ഇൻസ്പെക്ടർ ഫൈസൽ .എം.എസ് ന്റെ നേതൃത്വത്തിലാണ് പ്രതിയെ പിടികൂടിയത്.